# മധുരമായ കുട്ടികളേ– നിങ്ങൾക്ക് സംഗമയുഗത്തിൽ സേവനം ചെയ്ത് മഹിമയ്ക്ക് യോഗ്യരായി മാറണം, പിന്നീട് ഭാവിയിൽ പുരുഷോത്തമരായി മാറുന്നതിലൂടെ നിങ്ങൾ പൂജയ്ക്ക് യോഗ്യരായി മാറും.

**ചോദ്യം–** ഏതൊരു രോഗം വേരോടെ സമാപ്തമാവുകയാണെങ്കിൽ ബാബയുടെ ഹൃദയത്തിൽ കയറാൻ കഴിയും?

**ഉത്തരം–** 1. ദേഹാഭിമാനത്തിന്റെ രോഗം. ഈ ദേഹാഭിമാനം കാരണത്താൽ മുഴുവൻ വികാരങ്ങളും മഹാരോഗിയാക്കി മാറ്റിയിരിക്കുന്നു. ഈ ദേഹാഭിമാനം സമാപ്തമായാൽ നിങ്ങൾക്ക് ബാബയുടെ ഹൃദയത്തിൽ കയറാം. 2. ഹൃദയത്തിൽ കയറണമെങ്കിൽ വിശാലബുദ്ധിയായി മാറൂ, ജ്ഞാനചിതയിൽ ഇരിക്കൂ. ആത്മീയ സേവനത്തിൽ മുഴുകൂ പിന്നെ മുരളി വായിക്കുന്നതിനൊപ്പം ബാബയെ നന്നായി ഓർമ്മിക്കൂ.

**ഗീതം–** ഉണരൂ പ്രിയതമകളേ ഉണരൂ.............

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികൾ ഗീതം കേട്ടുവല്ലോ–ആത്മീയ അച്ഛൻ ഈ സാധാരണ പഴയ ശരീരത്തിലിരുന്ന് മുഖത്തിലൂടെ പറയുകയാണ്. ബാബ പറയുന്നു എനിക്ക് പഴയ ശരീരത്തിൽ പഴയ രാജധാനിയിൽ വരേണ്ടിവരുന്നു. ഇപ്പോൾ ഇത് രാവണന്റെ രാജധാനിയാണ്. ശരീരവും അന്യന്റേതാണ് എന്തുകൊണ്ടെന്നാൽ ഈ ശരീരത്തിൽ നേരത്തെത്തന്നെ ഒരാത്മാവുണ്ട്. ഞാൻ അന്യശരീരത്തിലാണ് പ്രവേശിക്കുന്നത്. തന്റേതായി ശരീരമുണ്ടെങ്കിൽ അതിന് പേരും ഉണ്ടാകും. എന്റെ പേര് മാറുന്നില്ല. എന്നാലും എന്നെ പറയുന്നത് ശിവബാബ എന്നാണ്. ഗീതം കുട്ടികൾ ദിവസവും കേൾക്കുന്നുണ്ട്. നവയുഗം അർത്ഥം പുതിയ ലോകം സത്യയുഗം വന്നു. ഇപ്പോൾ ആരോടാണ് ഉണരാൻ പറയുന്നത്? ആത്മാക്കളോട്, എന്തുകൊണ്ടെന്നാൽ ആത്മാക്കൾ ഘോരാന്ധകാരത്തിൽ ഉറങ്ങിക്കിടക്കുകയാണ്. ഒരു വിവേകവുമില്ല. അച്ഛനെപ്പോലും അറിയില്ല. ഇപ്പോൾ ബാബ ഉണർത്താൻ വന്നതാണ്. ഇപ്പോൾ നിങ്ങൾക്ക് പരിധിയില്ലാത്ത അച്ഛനെ അറിയാം. അവരിൽ നിന്നും പരിധിയില്ലാത്ത സുഖം പുതിയ യുഗത്തിൽ ലഭിക്കണം. സത്യയുഗത്തെ പുതിയ യുഗം എന്ന് പറയുന്നു, കലിയുഗത്തെ പഴയ യുഗം എന്ന് പറയും. വിദ്വാൻ, പണ്ഡിതൻ മുതലായ ആർക്കും അറിയില്ല. ആരോടെങ്കിലും ചോദിക്കൂ പുതിയ യുഗം പിന്നീട് എങ്ങനെയാണ് പഴയതായി മാറുന്നത്? എങ്കിൽ ആർക്കും പറഞ്ഞുതരാൻ കഴിയില്ല. പറയും ഇത് ലക്ഷക്കണക്കിന് വർഷങ്ങളുടെ കാര്യമാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമ്മൾ എങ്ങനെയാണ് പുതിയ യുഗത്തിൽ നിന്നും പഴയ യുഗത്തിലേയ്ക്ക് വന്നത് അർത്ഥം സ്വർഗ്ഗവാസിയിൽ നിന്നും നരകവാസിയായി മാറിയത് എങ്ങനെയാണ്. മനുഷ്യരാണെങ്കിൽ ഒന്നും അറിയുന്നില്ല, ആരെയാണോ പൂജിക്കുന്നത് അവരുടെ ജീവിതകഥ പോലും അറിയുന്നില്ല. എങ്ങനെയാണോ ജഗദംബയുടെ പൂജ ചെയ്യുന്നത്, ഇപ്പോൾ ആ ജഗദംബ ആരാണ് എന്നത് അറിയുകയില്ല. അംബ എന്ന് വാസ്തവത്തിൽ മാതാക്കളെയാണ് പറയുന്നത്. പക്ഷേ പൂജ ഒരാൾക്കല്ലേ ഉണ്ടാകേണ്ടത്. ശിവബാബയുടേയും ഒരേയൊരു അവ്യഭിചാരിയായ ഓർമ്മചിഹ്നമേയുള്ളു. അംബയും ഒന്നേയുള്ളു. പക്ഷേ ജഗദംബയെ അറിയുന്നില്ല. ഇതാണ് ജഗദംബ പിന്നെ ലക്ഷ്മി ജഗത്തിന്റെ മഹാറാണിയാണ്. ജഗദംബ ആരാണ്, ജഗത്തിന്റെ മഹാറാണി ആരാണെന്ന് നിങ്ങൾക്ക് അറിയാം. ഈ കാര്യങ്ങൾ ഒരിയ്ക്കലും ആർക്കും അറിയാൻ കഴിയില്ല. ലക്ഷ്മിയെ ദേവിയെന്നും ജഗദംബയെ ബ്രാഹ്മണി എന്നും പറയും. ബ്രാഹ്മണൻ സംഗമത്തിൽ മാത്രമാണ് ഉണ്ടാകുന്നത്. ഈ സംഗമയുഗത്തെ ആരും അറിയില്ല. പ്രജാപിതാ ബ്രഹ്മാവിലൂടെ പുതിയ പുരുഷോത്തമമായ സൃഷ്ടി രചിക്കപ്പെടുന്നു. നിങ്ങൾക്ക് അവിടെ പുരുഷോത്തമരെ കാണാൻ സാധിക്കും. ഈ സമയത്ത് നിങ്ങൾ ബ്രാഹ്മണർ മഹിമയ്ക്ക് യോഗ്യരാണ്. സേവനം ചെയ്യുന്നുണ്ട് പിന്നീട് നിങ്ങൾ പൂജയ്ക്ക് യോഗ്യരായി മാറും. ബ്രഹ്മാവിന് ഇത്രയും കൈകൾ നൽകിയിരിക്കുന്നു എങ്കിൽ എന്തുകൊണ്ട് അംബയ്ക്ക് നൽകില്ല. എല്ലാവരും അവരുടേയും കുട്ടികളല്ലേ. മാതാപിതാവാണ് പ്രജാപിതാവാകുന്നത്. കുട്ടികളെ പ്രജാപിതാവ് എന്ന് പറയില്ല. ലക്ഷ്മീ നാരായണനെ ഒരിയ്ക്കലും സത്യയുഗത്തിൽ ജഗദ്പിതാ ജഗദ്മാതാ എന്ന് പറയില്ല. പ്രജാപിതാവിന്റെ പേര് പ്രശസ്തമാണ്. ജഗദ്പിതാവും ജഗദ്മാതാവും ഒന്നുതന്നെയാണ്. ബാക്കിയുള്ളത് അനേകം കുട്ടികളാണ്. അജ്മീറിൽ പ്രജാപിതാ ബ്രഹ്മാവിന്റെ ക്ഷേത്രത്തിൽ ചെന്നാൽ ബാബാ എന്നാണ് വിളിക്കുന്നത് എന്തുകൊണ്ടെന്നാൽ പ്രജാപിതാവാണ്. പരിധിയുള്ള അച്ഛന്മാർ കുഞ്ഞുങ്ങൾക്ക് ജന്മം നൽകുമ്പോൾ അവർ പരിധിയുള്ള പ്രജാപിതാക്കന്മാരാണ്. ഇത് പരിധിയില്ലാത്തതാണ്. ശിവബാബ എല്ലാ ആത്മാക്കളുടേയും പരിധിയില്ലാത്ത അച്ഛനാണ്. നിങ്ങൾ കുട്ടികൾക്ക് ഈ വ്യത്യാസവും എഴുതണം. ജഗദംബ സരസ്വതി ഒന്നേയുള്ളു. എത്ര പേരാണ് വെച്ചിരിക്കുന്നത്– ദുർഗ്ഗ, കാളി എന്നിങ്ങനെ. അംബയുടേയും

ബാബയുടേയും കുട്ടികളാണ് നിങ്ങൾ എല്ലാവരും. ഇത് രചനയാണല്ലോ. പ്രജാപിതാ ബ്രഹ്മാവിന്റെ മകളാണ് സരസ്വതി, അവരെയാണ് അംബ എന്ന് പറയുന്നത്. ബാക്കിയുള്ളത് ആൺമക്കളും പെൺമക്കളുമാണ്. എല്ലാവരും ദത്തെടുക്കപ്പെട്ടവരാണ്. ഇത്രയും അധികം കുട്ടികൾ എവിടെനിന്നു വന്നു. ഇവർ എല്ലാവരും മുഖവംശാവലിയാണ്. മുഖത്തിലൂടെ പത്നിയെ സൃഷ്ടിച്ചു അതിനാൽ രചയിതാവായി. പറയുന്നു ഇവർ എന്റേതാണ്. ഞാനാണ് ഇവരിലൂടെ കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നത്. എന്നാൽ ഇത് മുഴുവൻ ദത്തെടുക്കലാണ്. ഇത് ഈശ്വരന്റെ മുഖത്തിലൂടെയുള്ള രചനയാണ്. ആത്മാക്കൾ തന്നെയാണ്. ആത്മാവിനെ ദത്തെടുക്കുന്നില്ല. ബാബ പറയുന്നു നിങ്ങൾ ആത്മാക്കൾ സദാ എന്റെ കുട്ടികളാണ്. പിന്നീട് ഇപ്പോൾ ഞാൻ വന്ന് പ്രജാപിതാ ബ്രഹ്മാവിലൂടെ കുട്ടികളെ ദത്തെടുക്കുന്നു. കുട്ടികളെ (ആത്മാക്കളെ)യല്ല ദത്തെടുക്കുന്നത്, ആൺകുട്ടികളേയും പെൺകുട്ടികളേയുമാണ് ദത്തെടുക്കുന്നത്. ഇത് വളരെ സൂക്ഷ്മമായി മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഈ കാര്യങ്ങളെ മനസ്സിലാക്കുന്നതിലൂടെയാണ് നിങ്ങൾ ഈ ലക്ഷ്മീ നാരായണനായി മാറുന്നത്. എങ്ങനെയാണ് ആവുന്നത്, ഇത് നമുക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. എന്താ ഇവർ വിശ്വത്തിന്റെ അധികാരിയായി മാറാനുള്ള കർമ്മങ്ങൾ ചെയ്തിട്ടുണ്ടോ. നിങ്ങൾക്ക് പ്രദർശിനികളിലും ചോദിക്കാൻ സാധിക്കും. നിങ്ങൾക്ക് അറിയാം ഇവർ എങ്ങനെയാണ് ഈ സ്വർഗ്ഗത്തിന്റെ രാജധാനി നേടിയത്. നിങ്ങളിൽ എല്ലാവർക്കും യഥാർത്ഥ രീതിയിൽ ഇത് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കില്ല. ആരിലാണോ ദൈവീക ഗുണങ്ങളുള്ളത്, ഈ ആത്മീയ സേവനത്തിൽ മുഴുകിയിരിക്കുന്നത് ആരാണോ അവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ബാക്കി എല്ലാവരും മായയുടെ രോഗത്തിൽ കുടുങ്ങിയിരിക്കുകയാണ്. അനേക പ്രകാരത്തിലുള്ള രോഗങ്ങളുണ്ട്. ദേഹാഭിമാനത്തിന്റെ രോഗവുമുണ്ട്. ഈ വികാരങ്ങൾ തന്നെയാണ് നിങ്ങളെ രോഗിയാക്കി മാറ്റിയത്.

ബാബ പറയുന്നു ഞാൻ നിങ്ങളെ പവിത്രമായ ദേവതയാക്കി മാറ്റുന്നു. നിങ്ങൾ സർവ്വഗുണ സമ്പന്നർ........പവിത്രമായിരുന്നു. ഇപ്പോൾ പതിതമായിരിക്കുന്നു. പരിധിയില്ലാത്ത അച്ഛൻ ഇങ്ങനെ പറയും. ഇതിൽ നിന്ദയുടെ കാര്യമില്ല, ഇത് മനസ്സിലാക്കിക്കൊടുക്കാനുള്ള കാര്യമാണ്. ഭാരതവാസികളോട് പരിധിയില്ലാത്ത അച്ഛൻ പറയുന്നു ഞാൻ ഭാരതത്തിൽ ഈ രീതിയിലാണ് വരുന്നത്. ഭാരതത്തിന്റെ മഹിമ അപരംഅപാരമാണ്. ഇവിടെ വന്ന് നരകത്തെ സ്വർഗ്ഗമാക്കി മാറ്റി എല്ലാവർക്കും ശാന്തി നൽകുന്നു. അതിനാൽ ഇങ്ങനെയുള്ള അച്ഛന്റെ മഹിമയും അപരംഅപാരമാണ്. പരിധിയില്ല. ജഗദംബയേയും അവരുടെ മഹിമയേയും ആരും അറിയുന്നില്ല. ഇതിന്റേയും വ്യത്യാസം നിങ്ങൾക്ക് പറയാൻ കഴിയും, ഇത് ജഗദംബയുടെ ജീവിതകഥ, പിന്നെ ഇത് ലക്ഷ്മിയുടെ ജീവിതകഥ. അതേ ജഗദംബയാണ് പിന്നീട് ലക്ഷ്മിയായി മാറുന്നത്. പിന്നീട് ലക്ഷ്മി തന്നെ 84 ജന്മങ്ങൾക്കുശേഷം ജഗദംബയായി മാറുന്നു. ചിത്രവും വേറെ വേറെ വെയ്ക്കണം. ലക്ഷ്മിയ്ക്ക് കലശം ലഭിച്ചതായി കാണിക്കുന്നു പക്ഷേ സംഗമത്തിൽ ലക്ഷ്മി എവിടെ നിന്നു വന്നു. ലക്ഷ്മി സത്യയുഗത്തിലാണ് ഉള്ളത്. ഈ മുഴുവൻ കാര്യങ്ങളും ബാബ മനസ്സിലാക്കിത്തരുന്നു. ചിത്രം ഉണ്ടാക്കുന്നതിൽ പ്രധാനികൾ ആരെല്ലാമാണോ അവർക്ക് വിചാര സാഗര മഥനം ചെയ്യണം. പിന്നീട് മനസ്സിലാക്കിക്കൊടുക്കുന്നത് സഹജമാകും. ഇത്രയും വിശാലബുദ്ധി വേണം എങ്കിലേ ഹൃദയത്തിൽ കയറാൻ പറ്റൂ. എപ്പോൾ ബാബയെ നല്ലവണ്ണം ഓർമ്മിക്കുന്നുവോ, ജ്ഞാനചിതയിൽ ഇരിക്കുന്നുവോ അപ്പോൾ ഹൃദയത്തിൽ കയറാൻ കഴിയും. ആരാണോ വളരെ നന്നായി മുരളി വായിക്കുന്നത് അവർ ഹൃദയത്തിൽ കയറും എന്നല്ല. ബാബ പറയുന്നു നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് എപ്പോൾ ദേഹാഭിമാനം ഇല്ലാതാകുന്നുവോ അപ്പോൾ അന്തിമത്തിലാണ് ഹൃദയത്തിൽ കയറുന്നത്.

ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ബ്രഹ്മജ്ഞാനികൾ, ബ്രഹ്മത്തിൽ ലയിക്കുന്നതിനായി പരിശ്രമിക്കുന്നു പക്ഷേ ആർക്കും അങ്ങനെ ലയിക്കാൻ സാധിക്കില്ല. ബാക്കി പരിശ്രമിക്കുകയും ഉത്തമമായ പദവി നേടുകയും ചെയ്യുന്നു. ഇങ്ങനെ ഇങ്ങനെയുള്ള മഹാത്മാക്കളായി മാറുന്നു അവരുടെ തുലാഭാരം പ്ലാറ്റിനം കൊണ്ട് നടത്തുന്നു എന്തുകൊണ്ടെന്നാൽ ബ്രഹ്മത്തിൽ ലയിക്കാൻ വേണ്ടിയാണെങ്കിലും പരിശ്രമിക്കുന്നുണ്ടല്ലോ. അതിനാൽ പരിശ്രമത്തിന്റെ ഫലം ലഭിക്കുന്നു. ബാക്കി മുക്തിയും ജീവന്മുക്തിയും ലഭിക്കുക സാധ്യമല്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം ഇപ്പോൾ ഈ പഴയ ലോകം നശിച്ചുകഴിഞ്ഞു. ഇത്രയും ബോംബുകൾ നിർമ്മിച്ചിട്ടുണ്ട്– വെറുതേ വെയ്ക്കാനാണോ ഉണ്ടാക്കിയിരിക്കുന്നത്. നിങ്ങൾക്ക് അറിയാം പഴയ ലോകത്തിന്റെ വിനാശത്തിന് ഈ ബോംബുകൾ ഉപയോഗപ്പെടും. അനേക പ്രകാരത്തിലുള്ള ബോംബുകളുണ്ട്. ബാബ ജ്ഞാനവും യോഗവും പഠിപ്പിക്കുന്നു പിന്നീട് രാജ–രാജേശ്വരനും ഇരട്ടക്കിരീടധാരികളായ ദേവീ ദേവതയുമായി മാറും. എങ്ങനെയുള്ള ഉയർന്ന പദവിയാണ്. ബ്രാഹ്മണരാകുന്ന കുടുമയാണ് മുകളിൽ. കുടുമ ഏറ്റവും മുകളിലാണ്. ഇപ്പോൾ നിങ്ങൾ കുട്ടികളെ പതിതത്തിൽ നിന്നും പാവനമാക്കി മാറ്റാൻ ബാബ വന്നിരിക്കുകയാണ്. പിന്നീട് നിങ്ങളും പതിത പാവനിയായി മാറുന്നു– ഈ ലഹരിയുണ്ടോ? നമ്മൾ എല്ലാവരേയും പാവനമാക്കി മാറ്റി രാജ–രാജേശ്വരനാക്കി മാറ്റുന്നുണ്ടോ? ലഹരിയുണ്ടെങ്കിൽ സന്തോ

ഷമായിരിക്കും. തന്റെ ഹൃദയത്തോട് ചോദിക്കൂ ഞാൻ എത്രപേരെ തനിക്കുസമാനമാക്കി മാറ്റി? പ്രജാപിതാ ബ്രഹ്മാവും ജഗദംബയും രണ്ടുപേരും ഒരുപോലെയാണ്. ബ്രാഹ്മണരുടെ രചന നടത്തുന്നു. ശൂദ്രനിൽ നിന്നും ബ്രാഹ്മണനാവുന്നതിനുള്ള യുക്തി ബാബ തന്നെയാണ് പറഞ്ഞുതരുന്നത്. ഇത് ഒരു ശാസ്ത്രത്തിലുമില്ല. ഇത് ഗീതയുടെ യുഗമാണ്. മഹാഭാരതയുദ്ധവും ഇതുപോലെ സംഭവിച്ചിരുന്നു. എന്താ രാജയോഗം ഒരാളെയാണോ പഠിപ്പിച്ചിട്ടുണ്ടാവുക. മനുഷ്യരുടെ ബുദ്ധിയിലാണെങ്കിൽ അർജുനനും കൃഷ്ണനും മാത്രമേയുള്ളു. ഇവിടെയാണെങ്കിൽ അനേകം പേർ പഠിക്കുന്നുണ്ട്. നോക്കൂ ഇരിക്കുന്നത് എത്ര സാധാരണമായാണ്. ചെറിയ കുട്ടികളും അല്ലാഹുവിനെയും സമ്പത്തിനെയും കുറിച്ച് പഠിക്കുന്നുണ്ടല്ലോ. നിങ്ങൾ ഇരിക്കുന്നുണ്ട് നിങ്ങൾക്കും അല്ലാഹുവിനേയും സമ്പത്തിനേയും കുറിച്ച് പഠിപ്പിച്ചുതരികയാണ്. അല്ലാഹുവും സമ്പത്തും, ഇതാണ് പ്രാപ്തി. ബാബ പറയുന്നു എന്നെ ഓർമ്മിക്കു എങ്കിൽ നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറും. ഒരു ആസുരീയ കാര്യങ്ങളും ചെയ്യരുത്. ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. നോക്കണം എന്നിൽ ഒരു അവഗുണവും ഇല്ലല്ലോ? നിർഗുണനായ എന്നിൽ ഒരു ഗുണവും ഇല്ല. ഇപ്പോൾ നിർഗുണം എന്ന ആശ്രമവുമുണ്ട് പക്ഷേ അർത്ഥം മനസ്സിലാക്കുന്നില്ല. നിർഗുണം അർത്ഥം എന്നിൽ ഒരു ഗുണവും ഇല്ല. ഇപ്പോൾ ഗുണവാനാക്കി മാറ്റുക എന്നത് ഭഗവാന്റെ തന്നെ ജോലിയാണ്. ബാബയുടെ ടൈറ്റിലിന്റെ തൊപ്പി പിന്നെ തന്റെ തലയിൽ വെച്ചു. ബാബ എത്ര കാര്യങ്ങൾ മനസ്സിലാക്കിത്തരുന്നു. നിർദേശവും നൽകുന്നു. ജഗദംബയുടേയും ലക്ഷ്മിയുടേയും വ്യത്യാസം കണ്ടെത്തൂ. ബ്രഹ്മാ–സരസ്വതി സംഗമത്തിലേതാണ്, ലക്ഷ്മീ നാരായണൻ സത്യയുഗത്തിലേതാണ്. ഈ ചിത്രം മനസ്സിലാക്കിക്കൊടുക്കാനുള്ളതാണ്. സരസ്വതി ബ്രഹ്മാവിന്റെ പുത്രിയാണ്. മനുഷ്യനിൽ നിന്നും ദേവതയായി മാറാൻ പഠിക്കുകയാണ്. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരാണ്. സത്യയുഗത്തിലെ ദേവതകളും മനുഷ്യർ തന്നെയാണ് പക്ഷേ അവരെ ദേവത എന്നാണ് വിളിക്കുന്നത്, മനുഷ്യർ എന്ന് പറയുന്നത് അവരെ അപമാനിക്കലാണ് അതിനാലാണ് ദേവീ ദേവതാ എന്നോ ഭഗവാൻ ഭഗവതി എന്നോ പറയുന്നത്. അഥവാ രാജാവിനേയും റാണിയേയും ഭഗവാൻ– ഭഗവതി എന്നു വിളിക്കുകയാണെങ്കിൽ പ്രജകളേയും വിളിക്കേണ്ടതായി വരും, അതിനാലാണ് ദേവീ ദേവതാ എന്ന് വിളിക്കുന്നത്. ത്രിമൂർത്തിയുടെ ചിത്രവുമുണ്ട്. സത്യയുഗത്തിൽ വളരെ കുറച്ച് മനുഷ്യർ, കലിയുഗത്തിൽ വളരെ അധികം മനുഷ്യർ. ഇത് എങ്ങനെ മനസ്സിലാക്കിക്കൊടുക്കും. ഇതിനായി പിന്നീട് ചക്രവും ആവശ്യമാണ്. പ്രദർശിനിയിൽ എല്ലാവരേയും വിളിക്കുന്നു. കസ്റ്റംസ് കളക്ടർക്ക് ഇതുവരെ ആരും ക്ഷണപത്രം നൽകിയിട്ടുണ്ടാവില്ല. അതിനാൽ ഇങ്ങനെ ഇങ്ങനെയുള്ള കാര്യങ്ങൾ ചിന്തിക്കണം, ഇതിൽ വളരെ വിശാലമായ ബുദ്ധിവേണം.

ബാബയോട് വളരെ അധികം ബഹുമാനം വേണം. ഹുസൈനിന്റെ കുതിരയെ എത്ര അലങ്കരിക്കുന്നു. പട്ട എത്ര ചെറുതാണ്, കുതിര എത്ര വലുതാണ്. ആത്മാവും എത്ര ചെറിയ ബിന്ദുവാണ്, എന്നാൽ അതിന്റെ അലങ്കാരം എത്ര വലുതാണ്. ഇത് അകാലമൂർത്തിയുടെ ഇരിപ്പിടമല്ലേ. സർവ്വവ്യാപി എന്ന കാര്യവും ഗീതയിൽ നിന്നും എടുത്തതാണ്. ബാബ പറയുന്നു ഞാൻ ആത്മാക്കളെ രാജയോഗം പഠിപ്പിക്കുന്നു എങ്കിൽ പിന്നെ എങ്ങനെ സർവ്വവ്യാപിയാകാൻ സാധിക്കും. അച്ഛനും ടീച്ചറും സദ്ഗുരുവും എങ്ങനെ സർവ്വവ്യാപിയാകും. ബാബ പറയുന്നു ഞാൻ നിങ്ങളുടെ അച്ഛനാണ് പിന്നെ ജ്ഞാനസാഗരനുമാണ്. നിങ്ങൾക്ക് പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവും കേൾപ്പിക്കുന്നു അതിലൂടെ പരിധിയില്ലാത്ത രാജ്യം ലഭിക്കും. ദൈവീക ഗുണങ്ങളും ധാരണ ചെയ്യണം. മായ ശക്തിയായി മൂക്കിനുപിടിക്കും. പെരുമാറ്റം വളരെ മോശമാകും പിന്നെ ഇങ്ങനെ ഇങ്ങനെയുള്ള തെറ്റ് സംഭവിച്ചു എന്ന് എഴുതും, ഞാൻ മുഖം കറുപ്പിച്ചു. ഇവിടെ പവിത്രതയാണ് പഠിപ്പിക്കുന്നത് എന്നിട്ടും ആരെങ്കിലും വീഴുകയാണെങ്കിൽ അതിൽ ബാബയ്ക്ക് എന്ത് ചെയ്യാൻ പറ്റും. വീട്ടിൽ മോശമായ ഒരു കുട്ടിയുണ്ടെങ്കിൽ, അവർ മുഖം കറുപ്പിക്കുകയാണെങ്കിൽ അപ്പോൾ അച്ഛൻ പറയും നീ മരിക്കുന്നതാണ് ഇതിലും നല്ലത്. പരിധിയില്ലാത്ത അച്ഛന് ഡ്രാമയെ അറിയാം എങ്കിലും പറയുന്നതാണല്ലോ ശരി. നിങ്ങൾ മറ്റുള്ളവരെ പഠിപ്പിച്ചിട്ട് സ്വയം വീഴുകയാണെങ്കിൽ ആയിരം മടങ്ങ് പാപം വർദ്ധിക്കും. പറയും മായയിൽ നിന്നും അടി കിട്ടി. മായ ഇങ്ങനെയാണ് കടന്നാക്രമിക്കുന്നത് പിന്നീട് ബുദ്ധി തന്നെ നഷ്ടപ്പെട്ടുപോകുന്നു.

ബാബ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു, കണ്ണുകൾ വളരെ വലിയ ചതിയനാണ്. ഒരിയ്ക്കലും ഒരു വികർമ്മവും ചെയ്യരുത്. കൊടുങ്കാറ്റുകൾ ഒരുപാട് വരും കാരണം യുദ്ധമൈതാനത്തിലല്ലേ. എന്താ സംഭവിക്കുക എന്നതുപോലും അറിയാൻ പറ്റില്ല. മായ പെട്ടെന്ന് അടിതരും. ഇപ്പോൾ നിങ്ങൾ എത്ര വിവേകശാലികളാവുന്നു. ആത്മാവുതന്നെയാണ് വിവേകശാലിയായി മാറുന്നത്. ആത്മാവ് തന്നെയാണ് അവിവേകിയായിരുന്നത്. ഇപ്പോൾ ബാബ വിവേകശാലിയാക്കി മാറ്റുകയാണ്. വളരെ അധികം ദേഹാഭിമാനത്തിലാണ്. ഞാൻ ആത്മാവാണ് എന്നത് മനസ്സിലാക്കുന്നില്ല. ബാബ നമ്മൾ ആത്മാക്കളെ പഠിപ്പിക്കുകയാണ്. നാം ആത്മാക്കൾ ഈ കാതുകളിലൂടെ കേൾക്കുകയാണ്. ഇപ്പോൾ ബാബ പറയുന്നു വികാരത്തിന്റെ ഒരു

കാര്യവും ഈ കാതുകളിലൂടെ കേൾക്കരുത്. ബാബ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു, ലക്ഷ്യം വളരെ വലുതാണ്. മരണം നിങ്ങളുടെ അടുത്ത് എത്തുമ്പോൾ നിങ്ങൾക്ക് പേടിയാവാൻ തുടങ്ങും. മനുഷ്യർ മരിക്കുന്ന സമയത്തും അവരുടെ മിത്ര സംബന്ധികൾ പറയാറുണ്ടല്ലോ– ഭഗവാനെ ഓർമ്മിക്കു എന്ന്. ചിലർ തന്റെ ഗുരുവിനേയോ മറ്റോ ഓർമ്മിക്കുകയും ചെയ്യുന്നു. ദേഹധാരിയെ ഓർമ്മിക്കാൻ പഠിപ്പിക്കുന്നു. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ഇത് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലേയുള്ളു. ബാബ ആജ്ഞാപിക്കുന്നു– എന്നെ മാത്രം ഓർമ്മിക്കൂ. ദേഹധാരികളെ ഓർമ്മിക്കരുത്. മാതാപിതാവും ദേഹധാരികളല്ലേ. ഞാനാണെങ്കിൽ പവിത്രമാണ്, വിദേഹിയാണ്, ഇദ്ദേഹത്തിൽ ഇരുന്ന് നിങ്ങൾക്ക് ജ്ഞാനം നൽകുന്നു. നിങ്ങൾ ഇപ്പോൾ ജ്ഞാനവും യോഗവും പഠിക്കുകയാണ്. നിങ്ങൾ പറയുന്നു ജ്ഞാനസാഗരനായ ബാബയിലൂടെ ഞങ്ങൾ ജ്ഞാനം അഭ്യസിക്കുകയാണ്, രാജ രാജേശ്വരിയായി മാറുന്നതിനു വേണ്ടി. ജ്ഞാനസാഗരൻ ജ്ഞാനവും പഠിപ്പിക്കുന്നുണ്ട്, രാജയോഗവും പഠിപ്പിക്കുന്നുണ്ട്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം–

1) വിവേകശാലിയായി മാറണം, മായയുടെ കൊടുങ്കാറ്റിൽ ഒരിയ്ക്കലും തോറ്റുപോകരുത്. കണ്ണുകൾ ചതിക്കും അതിനാൽ സ്വയം സംരക്ഷിക്കണം. വികാരിയായ ഒരു കാര്യവും ഈ കാതുകളിലൂടെ കേൾക്കരുത്.

2) തന്റെ ഹൃദയത്തോട് ചോദിക്കണം ഞാൻ എത്രപേരെ തനിക്കുസമാനമാക്കി മാറ്റി? മാസ്റ്റർ പതിതപാവനിയായി മാറി എല്ലാവരേയും പാവനം(രാജ രാജേശ്വരൻ) ആക്കിമാറ്റുന്നതിനുള്ള സേവനം ചെയ്യുന്നുണ്ടോ? എന്നിൽ ഒരു അവഗുണവും ഇല്ലല്ലോ? ദൈവീക ഗുണങ്ങൾ എത്രത്തോളം ധാരണ ചെയ്തു?

## വരദാനം:– ഓരോ സങ്കൽപത്തെയും കർമ്മത്തെയും ശ്രേഷ്ഠവും സഫലവുമാക്കി മാറ്റുന്ന ജ്ഞാന സ്വരൂപ വിവേകശാലികളായി ഭവിക്കട്ടെ.

ആരാണോ ജ്ഞാനസ്വരൂപരും വിവേകശാലികളുമായി ഏതൊരു സങ്കൽപമോ കർമ്മമോ ചെയ്യുന്നത് അവർ സഫലതാമൂർത്തിയായി മാറുന്നു. ഇങ്ങനെയുള്ളവരുടെ ഓർമ്മചരിഹ്നമായി ഭക്തിമാർഗ്ഗത്തിൽ കാര്യങ്ങൾ ചെയ്യുന്നതിന്റെ പ്രാരംഭ സമയത്ത് സ്വസ്തിക വരക്കുകയും ഗണേശനെ നമിക്കുകയും ചെയ്യാറുണ്ട്. ഈ സ്വസ്തിക സ്വ–സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നതിന്റെയും ഗണേശൻ നോളേജ്ഫുൾ സ്ഥിതിയുടെയും സൂചകമാണ്. താങ്കൾ കുട്ടികൾ നോളേജ്ഫുൾ ആയി ഓരോ സങ്കൽപവും കർമ്മവും ചെയ്യുകയാണെങ്കിൽ സഹജമായി സഫലതയുടെ അനുഭവം ഉണ്ടാകുന്നു.

## സ്ലോഗൻ:– ബ്രാഹ്മണജീവിതത്തിന്റെ വിശേഷതയാണ് സന്തോഷം, അതിനാൽ സന്തോഷത്തിന്റെ ദാനം കൊടുത്തുകൊണ്ടേ പോകൂ.

**അവ്യക്ത സൂചനകൾ– സ്വയത്തെയും സർവ്വരെയും പ്രതി മനസാ ദ്വാരാ യോഗത്തിന്റെ ശക്തികളുടെ പ്രയോഗം പ്രയോഗം ചെയ്യൂ.**

ഏതെങ്കിലും സയൻസിന്റെ സാധനങ്ങൾ ഉപയോഗിക്കുമ്പോൾ ആദ്യമേ കരണ്ടുണ്ടോ ഇല്ലേ എന്ന് പരിശോധിക്കാറുണ്ട്. അതേപോലെ യോഗത്തിന്റെയോ ശക്തിയുടെയോ ഗുണങ്ങളുടെയോ പ്രയോഗം ചെയ്യുന്നതിന് മുമ്പ് പരിശോധിക്കൂ, മൂലാധാരമായ ആത്മിക് ശക്തിയും പരമാത്മാ ശക്തിയും ഭാരരഹിത സ്ഥിതിയുമുണ്ടോ? അഥവാ സ്ഥിതിയും സ്വരൂപവും ഡബിൾ ലൈറ്റാണെങ്കിൽ പ്രയോഗത്തിന്റെ സഫലത വളരെ സഹജമായി പ്രാപ്തമാക്കാൻ സാധിക്കും.